# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 26/08/2021


## യുവതിയെ മാനഭംഗം ചെയ്ത യുവ ദന്തഡോക്ടർ അറസ്റ്റിൽ

കൊല്ലം : ചികിത്സയ്ക്ക് എത്തിയ യുവതിയെ മാനഭംഗപ്പെടുത്തിയ സ്വകാര്യ ദന്ത ആശുപത്രിയിലെ ഡോക്ടർ പോലീസ് പിടിയിലായി. ചവറ കോട്ടയ്ക്കകം കുമ്പഴ വീട്ടിൽ മധുസൂധനൻ മകൻ വിനീത് (30) ആണ് പോലീസ് പിടിയിലായത്. കഴിഞ്ഞ ഞായറാഴ്ച രാവിലെ ഇയാളുടെ ചവറ നല്ലേഴുത്ത്മുക്കിലുള്ള ദന്തൽക്ലിനിക്കിൽ ദന്ത ചികിത്സയ്ക്കായി എത്തിയ ഇരുപത്തി മൂന്ന് വയസുകാരിയെ ആണ് ഇയാൾ മാനഭംഗം ചെയ്തത്. ചികിത്സയ്ക്കായി കസേരയിൽ ഇരുന്ന യുവതിയോട് ഇയാൾ അപമര്യാദയായി പെരുമാറിയപ്പോൾ യുവതി ഉറക്കെ നിലവിളിച്ച് മറ്റുള്ളവരുടെ ശ്രദ്ധയാകർഷിച്ചതിനെ തുടർന്നാണ് പീഡന ശ്രമം ഒഴിവായത്. സംഭവത്തിന് ശേഷം ഉടൻ ക്ലിനിക്ക് പൂട്ടി രക്ഷപ്പെട്ട ഡോക്ടറെ തന്ത്രപരമായ നീക്കത്തിലൂടെ പോലീസ് പിടികൂടുകയായിരുന്നു. ചവറ ഇൻസ്പെക്ടർ നിസാമുദ്ദീൻ. എ, എസ്സ്.ഐമാരായ സുകേഷ്, നൗഫൽ, ആന്റണി, എ.എസ്സ്.ഐ അഷറഫ്, എസ്സ്.സി.പി.ഒമാരായ തമ്പി, ഷീജ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.



വിനീത്

## റോഡരികിൽ നിന്ന യുവതിയെ മാനഹാനി വരുത്തിയ മൂന്ന്പേർ പോലീസ് പിടിയിലായി

കൊല്ലം : റോഡരുകിൽ നിന്ന യുവതിയെ മാനഹാനി വരുത്തിയ യുവാക്കൾ പോലീസ് പിടിയിലായി. പൂതക്കുളം വില്ലേജിൽ പുത്തൻകുളം ചരുവിള വീട്ടിൽ ഗോപാലൻ മകൻ സുശീലൻ (48), ചിറക്കര വില്ലേജിൽ പൂതകുളം അമ്മാരത്ത് മുക്ക് കുഴിപ്പിൽ കുന്നുംപ്പുറത്ത് വീട്ടിൽ ഗോപാലൻ മകൻ സുരേഷ് (45), ചിറക്കര കുളത്തൂർകോണം വിളയിൽ വീട്ടിൽ ഗോവിന്ദൻപിള്ള മകൻ രാജേന്ദ്രൻ (52) എന്നിവരാണ് പോലീസ് പിടിയിലായത്. ചിറക്കര മൂലക്കട ഭാഗത്ത് റോഡ് വക്കിൽ മകളെ ട്യൂഷൻ സ്ഥലത്ത് നിന്നും കൂട്ടികൊണ്ട് വരുകയായിരുന്ന മുപ്പത്കാരിയാണ് മാനഭംഗത്തിനിരയായത്. കഴിഞ്ഞ ദിവസം വൈകുന്നേരം 05.15 മണിക്ക് ചിറക്കര മൂലക്കട ഭാഗത്ത് വച്ചാണ് സംഭവം. റോഡരുകിൽ നിന്ന ഇവരുടെ പിന്നിൽ നിന്നും സ്ക്കൂട്ടറിൽ സഞ്ചരിച്ച് വന്ന മൂന്ന് പേർ ഇവരുടെ പിൻഭാഗത്ത് മാനഹാനി വരുത്തുന്ന രീതിയിൽ പിടിക്കുകയായിരുന്നു. സംഭവത്തിന് ശേഷം സ്ക്കൂട്ടറിൽ രക്ഷപ്പെട്ട ഇവരെ സംബന്ധിച്ച് വീട്ടമ്മ പാരിപ്പള്ളി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയെ തുടർന്ന് നടത്തിയ വ്യാപകമായ അന്വേഷണത്തിലാണ് പ്രതികൾ പിടിയിലായത്. സാമൂഹ്യ മാധ്യമങ്ങളുടെ സഹായത്തോടെ നടത്തിയ അന്വേഷണത്തിൽ ലഭിച്ച രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രതികൾ പിടിയിലായത്. പാരിപ്പള്ളി ഇൻസ്പെക്ടർ എ.അൽജബർ, എസ്സ്.ഐമാരായ ജയിംസ്, അനീസ, സി.പി.ഓമാരായ അജു, മനോജ്, ബിനു എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. ഇവരെ റിമാന്റ് ചെയ്തു.



സുശീലൻ    സുരേഷ്    രാജേന്ദ്രൻ